US PROFILES

ഷിബി റോയ്

emalayalee.com

നിങ്ങളുടെ കാതോരം
ആർജെ ഷിബി റോയ്

മീട്ടു റഹ്മത്ത് കലാം

തനിക്ക് ചുറ്റുമുള്ളവരിൽ പ്രത്യാശ പകരുക എന്നത് നിയോഗമായി ഏറ്റെടുത്ത ചിലരുണ്ട്. ഹ്യൂസ്റ്റണിൽ കുടുംബസമേതം താമസിക്കുന്ന ഷിബി റോയ് അങ്ങനൊരു വ്യക്തിത്വത്തിന് ഉടമയാണ്. മല്ലു കഫേ റേഡിയോ യുഎസ്എ 99.5 എഫ്എം ശ്രോതാക്കൾക്ക് പ്രത്യേക മുഖവുര വേണ്ടാത്ത ഷിബി, ഹോസ്പിസ് നഴ്സ് കൂടിയാണ്. അമേരിക്കയിലെ ഏറ്റവും വലിയ മലയാളി സംഘടനകളിൽ ഒന്നായ മലയാളി അസോസിയേഷൻ ഓഫ് ഗ്രെയ്റ്റർ ഹ്യൂസ്റ്റണിൽ വിമാന റെപ്രസന്റേറ്റീവ് ആയും പ്രോഗ്രാം കോ-ഓർഡിനേറ്ററായും പ്രവർത്തിച്ചിട്ടുണ്ട്. ഫോമായുടെ (2021-22) റീജിയണൽ വിമൻസ് ചെയർ ആയിരുന്നു. 2020 മുതൽ ദേശീയതലത്തിൽ ഇൻഡോ അമേരിക്കൻ പ്രസ് ക്ലബ്ബിന്റെ (ഐഎപിസി) എക്സിക്യൂട്ടീവ് അംഗമാണ്. നിലവിൽ അതിന്റെ വൈസ്-പ്രസിഡന്റാണ്. ഷിബി റോയ് തന്റെ വിശേഷങ്ങൾ ഇ-മലയാളി വായനക്കാരുമായി പങ്കുവയ്ക്കുന്നു...

അമേരിക്കയിൽ എത്തുന്നതിന് മുൻപ്?

ആൻഡമാനിലാണ് ജനിച്ചത്. നാല് വയസ്സ്

മുതൽ പതിനാറ് വയസ്സുവരെ കേരളത്തിലായിരുന്നു. കൊല്ലമാണ് നാട്. നഴ്സിംഗ് പഠനത്തിനായി കോയമ്പത്തൂരേക്ക് പോയി.ഒരു വർഷം മലപ്പുറത്ത് ജോലിചെയ്തു.

വിവാഹം കഴിഞ്ഞതോടെ 2003 ൽ അമേരിക്കയിലേക്ക് ജീവിതം പറിച്ചുനട്ടു. ഇപ്പോൾ തിരിഞ്ഞു നോക്കുമ്പോഴാണ്, വളരെ കുറച്ചുകാലം മാത്രമേ കേരളത്തിൽ ചിലവഴിച്ചിട്ടുള്ളു എന്ന് ബോധ്യപ്പെടുന്നത്. എന്നിരുന്നാലും, അന്നും ഇന്നും മനസ്സുകൊണ്ട് തനിമലയാളിയാണ്.

20 വർഷത്തെ അമേരിക്കൻ ജീവിതം മാതൃഭാഷയുടെ ഉച്ചാരണശുദ്ധിയെ ബാധിച്ചിട്ടില്ലല്ലോ?

ബാല്യവും കൗമാരവും കേരളത്തിലായിരുന്നതുകൊണ്ടായിരിക്കാം ഇത്ര ആഴത്തിൽ ജന്മനാടിനോടുള്ള സ്നേഹം എന്റെയുള്ളിൽ വേരൂന്നിയത്. മലയാളഭാഷയോടും അതേ സ്നേഹമാണ്. വിദ്യാഭ്യാസകാലയളവിൽ പ്രസംഗത്തിനും പദ്യപാരായണത്തിനുമൊക്കെ സമ്മാനങ്ങൾ വാരിക്കൂട്ടുമ്പോൾ ഭാഷയോടുള്ള ഇഷ്ടവും കൂടി. ദിനചര്യയിലേക്ക് കടക്കുന്നതിനുമുൻപും, ഉറങ്ങുന്നനേരത്തും മലയാളം പാട്ടുകൾ കേൾക്കുന്നത് ഇപ്പോഴും പതിവാണ്. മാതൃഭാഷയ്ക്ക് അല്പം മാധുര്യമേറും. ഹൃദയം തുറന്ന് സംസാരിക്കാൻ നമുക്ക് മലയാളം തന്നെ വേണ്ടേ? അവനവന്റെ ഭാഷ ഉച്ചാരണശുദ്ധിയോടെ കൈകാര്യം ചെയ്തില്ലെങ്കിൽ അതൊരു കുറവായേ കണക്കാക്കേണ്ടതുള്ളൂ.

ആദ്യമായി ശബ്ദത്തെ പ്രകീർത്തിച്ചത് ആരാണെന്ന് ഓർമ്മയുണ്ടോ?

ശബ്ദം നല്ലതാണെന്ന് ഒരുപാടുപേർ പറഞ്ഞിട്ടുണ്ട്. റേഡിയോയിലൂടെ എന്റെ വോയിസ് കേൾക്കുമ്പോൾ നന്നായിട്ടുണ്ടെന്ന് ആദ്യമായി പറഞ്ഞത് അമ്മയാണ്. എന്നാൽ, ആർജെ ആകാൻ ഏറ്റവുമധികം പ്രോത്സാഹിപ്പിച്ചത് ഭർത്താവ് റോയ് ആണ്.

സ്വന്തമായൊരു റേഡിയോ തുടങ്ങാൻ കരുത്ത് പകർന്നതും ഭർത്താവ് തന്നെയാണോ?

അത് വലിയൊരു കഥയാണ്. രണ്ടു സുഹൃത്തുക്കളുമായി ചേർന്ന് 2017 ൽ ഞാനൊരു റേഡിയോ നടത്തിയിരുന്നെങ്കിലും ചില കാരണങ്ങൾകൊണ്ട് അത് നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചില്ല. അതെന്നെ വല്ലാതെ ബാധിച്ചു. വിഷാദരോഗത്തിലേക്കുപോലും വഴുതിവീഴാമായിരുന്ന അവസ്ഥ. 24 * 7 പ്രവർത്തിക്കുന്ന വലിയ സ്റ്റേഷനിൽ നിന്ന് ഫ്രീക്വൻസി ബൈ-ഔട്ട് ചെയ്ത് സ്വന്തമായി റേഡിയോ നടത്താമെന്ന് ധൈര്യം തന്നതും എനിക്കതിനുള്ള കഴിവുണ്ടെന്ന് പറഞ്ഞതും റോയ് ആണ്.

പ്രവാസികൾക്ക് റേഡിയോ എന്നുമൊരു നൊസ്റ്റാൾജിയയാണ് എന്ന് തോന്നിയിട്ടുണ്ടോ?

ശരിക്കും അതൊരു ഗൃഹാതുരത തന്നെയാണ്. ഞങ്ങളുടെ കാര്യം തന്നെയെടുക്കാം. ആയിരത്തിൽ പരം ആശുപത്രികളുള്ള സ്ഥലമാണ് ഹ്യൂസ്റ്റൺ. കേരളത്തിൽ നിന്നുള്ള മെഡിക്കൽ പ്രൊഫഷണലുകളാണ് ഇവിടെ ഏറെയും.വേണമെങ്കിൽ മലയാളി ഹബ്ബ് എന്നു വിശേഷിപ്പിക്കാം. ജോലിസ്ഥലത്തു നിന്ന് അവരവരുടെ വീടുകളിൽ എത്താൻ ട്രാഫിക്കിൽ കുടുങ്ങി ഒരു മണിക്കൂറെങ്കിലും വേണ്ടിവരും. ആ സമയങ്ങളിൽ റേഡിയോ വലിയ ആശ്വാസമാണ്. ആരാധനാലയങ്ങളിൽ പോകാൻ ശനിയാഴ്ച വലിയ തിരക്കായിരിക്കും. ഇവിടുള്ള ക്നാനായ ചർച്ചിലും കാത്തലിക് ചർച്ചിലും ഗുരുവായൂരപ്പന്റെ അമ്പലത്തിലും പ്രാർത്ഥിക്കാൻ പോകുന്നവരും കുട്ടികളെ മലയാളം പഠിപ്പിക്കാൻ കൊണ്ടുപോകുന്ന അമ്മമാരും അടങ്ങുന്ന വലിയൊരു ഗ്രൂപ്പാണ് തിരക്കിട്ട നേരത്ത് നമ്മുടെ റേഡിയോയിലേക്ക് വിളിക്കുന്നത്. മലയാളം റേഡിയോ,മലയാളം പാട്ടുകൾ ഇതൊക്കെ കേൾക്കുമ്പോൾ നാടിന്റെ ഫീൽ കിട്ടുമല്ലോ.

റേഡിയോ അവതരണത്തിനിടയിലുണ്ടായ അവിസ്മരണീയമായ ഒരനുഭവം?

ഒരു ആന്റിയുടെ കോൾ മറക്കാനാവില്ല. ക്യാൻസർ ബാധിച്ച് ഇനി എണ്ണപ്പെട്ട ദിവസങ്ങളേ ബാക്കിയുള്ളു എന്ന് ഡോക്ടർമാർ വിധിയെഴുതിയ ശേഷവും പതിനെട്ടുവർഷക്കാലമായി ആരോഗ്യത്തോടെ ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുന്ന

അനുഭവമാണ് അവർ പങ്കുവച്ചത്. ദൈവം ഒപ്പമുണ്ടെങ്കിൽ ഒന്നും അസാധ്യമല്ലെന്ന് അടിവരയിടുന്നതായിരുന്നു ആ വാക്കുകൾ. കുറേ ശ്രോതാക്കൾ അതുകേട്ട് തങ്ങളിൽ പ്രത്യാശ ജനിച്ചു എന്ന് പ്രതികരിച്ചിരുന്നു.

വിഷാദ രോഗത്തെ അതിജീവിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങളുമായി 'മല്ലു മൈൻഡ് ഡീക്കോഡഡ്' എന്നൊരു സെഗ്മെന്റ് ചെയ്തു.അമേരിക്കയിൽ വേറെയും മലയാളം റേഡിയോ സ്റ്റേഷനുണ്ട്. എന്നിട്ടും, മല്ലു കഫേ ട്യൂൺ ചെയ്യാൻ ശ്രോതാക്കളെ പ്രേരിപ്പിക്കുന്നത് ഹൃദയം തുറന്നുള്ള നമ്മുടെ സംസാരവും അവതരണത്തിൽ പുലർത്തുന്ന വ്യത്യസ്തതയുമാണ്. ഞങ്ങളുടെ ഫേസ്ബുക്ക് ലൈവിന് ലോകമെങ്ങും ആരാധകരുണ്ട്. ഓസ്ട്രേലിയയിൽ പാതിരാത്രിയോട് അടുക്കുമ്പോഴാണ് നമ്മുടെ ഷോ നടക്കുന്നത്. ആ നേരത്തും അവിടെ നിന്ന് ആളുകൾ വിളിക്കുന്നത്, പരിപാടി ഏവരും ഏറ്റെടുത്തു എന്നാണ് വിളിച്ചോതുന്നത്.

ഉണരുന്നതും ഉറങ്ങുന്നതും പാട്ടിന്റെ അകമ്പടിയോടെ ആണെന്ന് പറഞ്ഞല്ലോ, സംഗീതത്തോട് ഇത്ര ഇഷ്ടം തോന്നാൻ കാരണം?

പാട്ട് കേൾക്കാൻ ഒരുപാട് ഇഷ്ടമാണ്. ചെറുതായി പാടും. നമ്മുടെ വികാരവിചാരങ്ങളെ സ്വാധീനിക്കാനുള്ള മാന്ത്രികത പാട്ടുകൾക്കുണ്ട്.

സംഗീതത്തിന് മനസ്സിന്റെ മുറിവുകൾ ഉണക്കാനാകും. മെഡിക്കൽ കോളജിലെ പ്രൊഫസറായ ഡോ.ബാലകൃഷ്ണനുമായി (ഗൈനക്കോളജിസ്റ്റ്) ചേർന്ന് മ്യൂസിക് ഹീൽസ് എന്നൊരു സെഗ്മെന്റ് ഞങ്ങളുടെ റേഡിയോയിൽ ചെയ്തിരുന്നു. ഗർഭിണികളിൽ കണ്ടുവരുന്ന ഹൈപ്പർടെൻഷൻ സംഗീതത്തിലൂടെ ചികിത്സിച്ച് ഭേദമാക്കാം എന്നതിനെപ്പറ്റിയാണ് അദ്ദേഹം സംവദിച്ചത്.

രണ്ട് വ്യത്യസ്ത ധ്രുവങ്ങളിലുള്ള തൊഴിലുകളിൽ ഏർപ്പെടുക എന്നത് പ്രയാസമല്ലേ?

ഹോസ്പീസ് നഴ്സ് എന്ന നിലയിൽ മരണം പടിവാതിലിൽ എത്തിയ രോഗികളെയാണ് പരിചരിക്കേണ്ടി വരുന്നത്. മൂന്നും നാലും മാസം നമ്മൾ പരിചരിച്ച വ്യക്തിയായിരിക്കും ഒരുനാൾ പൊടുന്നനെ മരണത്തിന് കീഴടങ്ങുന്നത്. മരണവിവരം ഉറ്റവരെ അറിയിക്കേണ്ട ഉത്തരവാദിത്തവും ഉണ്ട്. തീർച്ചയായും ഈ തൊഴിൽ പിരിമുറുക്കം നിറഞ്ഞതാണ്. എല്ലാ പ്രതീക്ഷയും അസ്തമിച്ചവരുടെ മനസ്സിൽ കുളിർമ്മ പകരുക എന്നത് ചെറിയ കാര്യമല്ല. അവരിലെ നെഗറ്റിവിറ്റി പിഴുതെറിഞ്ഞ് പോസിറ്റിവിറ്റി നിറയ്ക്കാൻ നമ്മൾ കിണഞ്ഞ് പരിശ്രമിക്കും. മനസ്സുകൊണ്ട് കരഞ്ഞാലും പുറമേ ചിരിച്ചുകൊണ്ടേയിരിക്കും. അങ്ങനെ നമ്മുടെ നെഞ്ചിൽ തങ്ങിനിൽക്കുന്ന സ്ട്രെസ് ഉണ്ടല്ലോ, അത് പുറത്തേക്ക് വിടാൻ നമ്മൾ ആസ്വദിക്കുന്ന എന്തെങ്കിലും ചെയ്തേ തീരൂ. റേഡിയോ എനിക്ക്

അങ്ങനെ പാഷൻ തോന്നിയൊരു മേഖലയാണ്. ഒരേയൊരു ജീവിതമേയുള്ളു. അതുകൊണ്ട് കഴിയുന്നത്ര ആളുകളുടെ കണ്ണീരൊപ്പാൻ സാധിക്കണം.

മല്ലു കഫേ യുടെ പ്രധാന ലക്ഷ്യം?

സ്ത്രീ ശാക്തീകരണമാണ് പ്രധാനമായും ലക്ഷ്യമിടുന്നത്. മാനസികമായി ഐക്യദാർഢ്യം അറിയിക്കുന്നതാണ് അതിന്റെ ആദ്യപടി.നാട്ടിലേതിനേക്കാൾ കഷ്ടപ്പെടുന്ന ഒരുപാട് സ്ത്രീകൾ അമേരിക്കയിലുണ്ട്. അറുപതുകളിലും എഴുപതുകളിലും ഇവിടേക്ക് കുടിയേറി,രണ്ടും മൂന്നും ഷിഫ്റ്റ് ജോലി ചെയ്ത് നടുവും മുതുകും കളഞ്ഞ് കഷ്ടപ്പെട്ട് ഒടുക്കം വയസ്സാംകാലത്ത് ആശ്വാസവാക്കിനു പോലും ആരും ഒപ്പമില്ലാത്ത ആന്റിമാരെ എനിക്കറിയാം. തങ്ങളുടെ വേദനകൾ മനസ്സു തുറന്ന് പറയാൻ ഒരാളില്ലാതെ കടുത്ത ഏകാന്തത ഗ്രസിച്ച അവരെസംബന്ധിച്ച്, റേഡിയോയിലൂടെ നമ്മൾ പറയുന്ന വാക്ക് വല്ലാത്തൊരു സാന്ത്വനമാണ്. ശ്രോതാക്കൾ നമ്മുടെ സ്റ്റേഷൻ ഇഷ്ടപ്പെടാനുള്ള കാരണവും അതുതന്നെയാണ്. മുൻകൂട്ടി തയ്യാറാക്കിയ വാചകക്കസർത്തല്ല, ഹൃദയം തുറന്നുള്ള സംഭാഷണമാണ് മല്ലു കഫേയുടെ വ്യത്യസ്തത. വിഷാദത്തോട് മല്ലിടുന്ന നിരവധിപേർ വിളിക്കാറുണ്ട്. ഷോ തീരുമ്പോഴും അവരിൽ ചിലരെ വിളിച്ച് ആശ്വസിപ്പിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. സ്വന്തം ഭാഷയിൽ മനസ്സുതുറക്കാൻ സാധിക്കുക എന്നതാണ് അവരുടെ ഏറ്റവും വലിയ ആവശ്യം. പലരെയും മലയാളികളായ മനഃശാസ്ത്രജ്ഞരുമായി കണക്ട് ചെയ്തുകൊടുക്കാറുണ്ട്. ഡിപ്രഷനിൽ നിന്നും മദ്യാസക്തിയിൽ നിന്നും ആത്മഹത്യാപ്രവണതയിൽ നിന്നും ഗാർഹിക പീഡനത്തിൽനിന്നും രക്ഷ നേടുന്നതിനും എഫ്എമ്മിലൂടെ സഹായിക്കുന്നുണ്ട്. ഒരു നേഴ്സ് ആയിട്ടുപോലും മദ്യപാനം മറ്റേതു രോഗത്തെയും പോലെ ചികിത്സിച്ച് ഭേദമാക്കാവുന്ന അസുഖമാണെന്ന് എനിക്ക് അറിയില്ലായിരുന്നു. നമുക്ക് കിട്ടിയ അറിവുകൾ പങ്കുവയ്ക്കാൻ റേഡിയോ നല്ലൊരു മീഡിയം ആണ്. നിസ്സാരകാര്യങ്ങളുടെ പേരിൽ ദാമ്പത്യബന്ധം തകരുന്നത് ഇവിടെ സർവസാധാരണമാണ്. അത്തരക്കാർ, തങ്ങളുടെ വാശിമൂലം ബാധിക്കപ്പെടുന്ന മക്കളെക്കുറിച്ച് ഓർക്കണം. ഇത്തരം പ്രസക്തമായ കാര്യങ്ങൾ ചർച്ചചെയ്തു പല ജീവിതങ്ങളിൽ പ്രത്യാശ നിറയ്ക്കാൻ സാധിക്കുന്നുണ്ട്.

എത്രപേരുടെ ചുണ്ടിൽ പുഞ്ചിരി വിരിയിക്കാൻ സാധിച്ചു എന്നതാണ് 'ന്യൂസ് മ്യൂസിക് ഫൺ ആൻഡ് ഫാക്ട്സ് വിത്ത് ആർജെ ഷിബി ആൻഡ് ഫ്രണ്ട്സ് ' എന്ന ഷോയുടെ വിജയത്തിന് ഞാൻ വയ്ക്കുന്ന അളവുകോൽ.

ഇതൊരു നിയോഗമായി കാണുന്നു എന്നാണോ?

തീർച്ചയായും. റേഡിയോയിലൂടെ പരിചയപ്പെടുന്ന പത്തുപേരെ എടുത്താൽ അതിൽ എട്ടുപേരും ഏതെങ്കിലും തരത്തിലുള്ള മാനസിക വിഷമതകൾ നേരിടുന്നവരും അതിന് സഹായം ആവശ്യമുള്ളവരുമാണ്. ദൈവം അവരെ എന്റെ പക്കൽ എത്തിച്ചതായാണ് വിശ്വസിക്കുന്നത്.

കോവിഡ് കാലത്ത് റേഡിയോ മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുമെന്ന് കരുതിയിരുന്നോ?

മല്ലു കഫേ റേഡിയോ യുഎസ്എ 99.5 എഫ്എം 2019 ഏപ്രിലിലാണ് ആരംഭിച്ചത്. ശനിയാഴ്ചകളിൽ രാവിലെ 7 മുതൽ 10 വരെയാണ് ഷോ ചെയ്യുന്നത്.ഒരുപാട് പ്രതീക്ഷയോടെ റേഡിയോ സ്റ്റേഷൻ

തുടങ്ങി ഉടനെയാണ് ഇടിത്തീപോലെ കോവിഡ് പൊട്ടിപ്പുറപ്പെട്ടത്. ഒപ്പം പ്രവർത്തിക്കുന്നവരിൽ കുഞ്ഞു കുട്ടികളുള്ളവരോട് വീടുകളിൽ തുടരാൻ പറഞ്ഞ്, ഞാൻ തന്നെ മുന്നിട്ടിറങ്ങി. സത്യത്തിൽ, അങ്ങനൊരു സമയത്തായിരുന്നു.

ആ ഇടയ്ക്ക് ചെയ്ത 'ഫോൺ ഇൻ അന്താക്ഷരി' ഏറെ സ്വീകാര്യത നേടി. അമേരിക്കയിലുള്ള മലയാളി ഗായകരെ ഓൺലൈനിൽ കൊണ്ടുവന്ന് അന്താക്ഷരി കളിപ്പിക്കുന്നതായിരുന്നു പരിപാടി.

വ്യത്യസ്തമായ ആശയങ്ങളുടെ പിറവിക്ക് പിന്നിൽ?

എനിക്ക് അങ്ങനൊരു ടാലെന്റ് ഉണ്ടെന്നാണ് ചുറ്റുമുള്ളവർ പറയുന്നത്. എന്നാൽ, അതിൽ ദൈവീകമായൊരു ഇടപെടൽ ഉണ്ടെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഡിവോഷണൽ ഗാനവുമായാണ് ഷോ തുടങ്ങുന്നതുതന്നെ. വേറിട്ട ആശയങ്ങളുമായി മുന്നോട്ടു പോകുന്നതിന് ഞങ്ങളുടെ ടീമിലെ എല്ലാവരുടെയും പിന്തുണയുണ്ട്.

സിഇഒ തന്നെ ആർജെ യുടെ കുപ്പായം അണിയുമ്പോൾ?

എല്ലാം സ്വന്തം തലയിലൂടെ വേണമെന്ന് ശാഠ്യമുള്ള ആളൊന്നുമല്ല. മറ്റുള്ളവരെക്കൊണ്ട് പണിയെടുപ്പിച്ച് വെറുതെ ഇരുന്നാൽ മതിയില്ലേ എന്ന് ആളുകൾ ചോദിക്കാറുണ്ട്. റെസ്റ്റ് എടുക്കാൻ വേണ്ടി അല്ലല്ലോ, ഞാൻ റേഡിയോ തുടങ്ങിയത്. സ്വന്തം കുഞ്ഞിനെപ്പോലെയാണ് ഞാൻ ഇതിനെ കാണുന്നത്. അങ്ങനെയാകുമ്പോൾ, കഷ്ടപ്പെടുന്നതൊന്നും ബുദ്ധിമുട്ടായി അനുഭവപ്പെടില്ല. തെറ്റുകുറ്റങ്ങൾ സ്വയം മനസ്സിലാക്കാനും തിരുത്തി പൂർണ സ്വാതന്ത്ര്യത്തോടെ മുന്നേറാനുമുള്ള അവസരവുമുണ്ട്. അമ്മയെപ്പോലെ മറ്റാർക്കാണ് സ്വന്തം കുഞ്ഞിനെ നോക്കാൻ കഴിയുക?

സംഘടനാപ്രവർത്തനങ്ങൾ?

അമേരിക്കയിലെ ഏറ്റവും വലിയ മലയാളി സംഘടനകളിൽ ഒന്നായ മലയാളി അസോസിയേഷൻ ഓഫ് ഗ്രെയ്റ്റർ ഹ്യൂസ്റ്റണിൽ വിമാന റെപ്രസന്റേറ്റീവ് ആയും പ്രോഗ്രാം കോ-ഓർഡിനേറ്ററായും പ്രവർത്തിച്ചിട്ടുണ്ട്. ഫോമായുടെ (2021-22) റീജിയണൽ വിമൻസ് ചെയർ ആയിരുന്നു. 2020 മുതൽ ദേശീയതലത്തിൽ ഇൻഡോ അമേരിക്കൻ പ്രസ് ക്ലബ്ബിന്റെ (ഐഎപിസി) എക്സിക്യൂട്ടീവ് അംഗമാണ്. നിലവിൽ അതിന്റെ വൈസ്-പ്രസിഡന്റാണ്.

ഇതിനിടയിൽ എപ്പോഴെങ്കിലും ഒന്ന് വെറുതെയിരിക്കാൻ സമയം കിട്ടുമോ?

സത്യത്തിൽ വെറുതെ ഇരിക്കാൻ എനിക്ക് ഇഷ്ടമേയല്ല. വീട്ടിലായാലും പാചകവും കൃഷിയും എല്ലാമായി ഫുൾ-ഓണാണ്.നമ്മുടെ നാട്ടിലെ കാലാവസ്ഥയ്ക്ക് സമാനമാണ് ഹ്യൂസ്റ്റണിൽ.അതുകൊണ്ടുതന്നെ, കാന്താരിയും കറിവേപ്പും മുരിങ്ങയും ചേനയുമെല്ലാം ഉൾക്കൊള്ളുന്ന അടുക്കളത്തോട്ടമുണ്ട്. മൂന്ന് മാസമായപ്പോൾ തന്നെ പപ്പായ കായ്ച്ചു. ഇതൊക്കെയാണ് എന്റെ കൊച്ചുകൊച്ചു സന്തോഷങ്ങൾ.

കുടുംബം?

ഭർത്താവ് റോയ് ജോർജ് ഇവിടെ കമ്മ്യൂണിറ്റി ഹോസ്പിറ്റലിൽ ജോലി ചെയ്യുന്നു.റേഡിയോയുടെ നട്ടെല്ല് അദ്ദേഹമാണ്.

മകൾ റോഷ്നി നഴ്സിംഗ് വിദ്യാർത്ഥിയാണ്.അവളാണെന്റെ ഏറ്റവും വലിയ ക്രിട്ടിക്.ഷോ കണ്ട് കൃത്യമായി അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നൽകും. പുതിയ നല്ല പാട്ടുകൾ കേട്ടാൽ അത് ഷെയർ ചെയ്യും. ഡിന്നർ ടൈമിൽ ഞങ്ങൾ മൂന്നുപേരും റേഡിയോ സംബന്ധമായ കാര്യങ്ങൾ സംസാരിക്കാറുണ്ട്. പിതാവ് കെ.ഗീവർഗീസ് ഞങ്ങളെ വിട്ടുപോയിട്ട് 24 വർഷങ്ങളായി. അമ്മ മറിയാമ്മ വർഗീസ് എന്റെ സഹോദരൻ ഡോ. ഷോളു വർഗീസിനൊപ്പം ന്യൂയോർക്കിലാണ് താമസം.